**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2147** **12-12-2022 - ൽ മറുപടിയ്ക്ക്**

**മംഗലാപുരം - കൊച്ചി പ്രകൃതിവാതക ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മംഗലാപുരം - കൊച്ചി പ്രകൃതിവാതക ലൈൻ പൂർത്തീകരിച്ചതിനാൽ വീടുകളിൽ പാചകാവശ്യത്തിനായി പ്രകൃതിവാതകം എപ്പോൾ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; വ്യവസായ/ വാണിജ്യസ്ഥാപനങ്ങൾക്ക് ഇന്ധനമായി ഇവ എപ്പോൾ നൽകാൻ കഴിയുമെന്നുള്ള വിവരം ലഭ്യമാക്കുമോ? | (എ) | കേരളത്തിൽ കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം പഞ്ചായത്തിൽ 13.09.2022 മുതൽ ഗാർഹിക കണക്ഷനുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്. 2023 ജൂലൈ മാസത്തോടെ പനങ്ങാട്, ബാലുശ്ശേരി, നന്മണ്ട പഞ്ചായത്തുകളിൽ ഗാർഹിക / വാണിജ്യ സ്ഥാപനങ്ങൾക്ക് PNG കണക്ഷനുകൾ നൽകുന്നതാണ്.<br><br>മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ വീടുകളിലേക്ക് പ്രകൃതി വാതകം വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. വാണിജ്യ, വ്യാവസായിക സ്ഥാപനങ്ങൾക്ക് ഇന്ധനം നൽകുന്നതിനായുള്ള കണക്ഷനുകൾ സജ്ജമാക്കിയിട്ടുണ്ട്.<br><br>കിനാലൂർ ഇൻഡസ്ട്രിയൽ പാർക്കിലേക്ക് 2023 ജൂലൈ മാസത്തോടെ പൈപ്പ് ലൈൻ കണക്ടിവിറ്റി സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നല്ലളം, വെസ്റ്റ് ഹിൽ തുടങ്ങിയ വ്യാവസായിക മേഖലകൾക്ക് 2023 ഡിസംബറോടെ ഗ്യാസ് കണക്ടിവിറ്റി നൽകുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിൽ പുതുശ്ശേരി, ഇലപ്പുള്ളി പഞ്ചായത്തുകളിൽ വീടുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ പണികൾ പൂർത്തീകരിച്ചു ഡിസംബർ മാസം അവസാനത്തോട് കൂടി പ്രകൃതി വാതകം ലഭ്യമാക്കുന്നതാണ്. പാലക്കാട് ജില്ലിയിൽ കഞ്ചിക്കോട് മേഖലയിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങളിലേയ്ക്ക് ഉള്ള ഇന്ധന വിതരണം ആരംഭിച്ചു കഴിഞ്ഞു. സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം ഇന്ധനം നൽകാൻ തയ്യാറെടുപ്പുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>തൃശ്ശൂർ ജില്ലയിൽ കുന്നംകുളം, ചൊവ്വന്നൂർ, ഗുരുവായൂർ, ചാവക്കാട് എന്നിവിടങ്ങളിൽ വീടുകളിലേയ്ക്ക് പാചകാവശ്യത്തിനായുള്ള |

| | | | |
|---|---|---|---|
| | | | പ്രകൃതിവാതകം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ-ന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>**കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ അഞ്ചരക്കണ്ടി പഞ്ചായത്തിലെ വാർഡ് നമ്പർ 15, കണ്ണൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിലെ വാർഡ് നമ്പർ 9 & 10, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കൂടാളി പഞ്ചായത്തിലെ വാർഡ് നമ്പർ 13 & 14 എന്നീ സ്ഥലങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതി പ്രകാരം പൈപ്പിലൂടെയുള്ള പ്രകൃതി വാതക ഗാർഹിക വിതരണ ശൃംഖല നടപ്പിലായിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സിറ്റി ഗ്യാസ് പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിൽ പുരോഗമിച്ചു വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ